National Informatics Centre, Lakshadweep U.T. Unit , helped in organizing a video conferencing session for cross examining an 85 year old lady residing in Mumbai. The session was organized on 24th august 2007. The Commission appointed by the court, special prosecutor of CBI, CBI officers, the advocates of the accused were sitting at the NIC VC studio at Lakshadweep Administration office, Willingdon Island, Kochi. The 85 year old witness was at NIC, Mumbai. The Chief Metropolitan Magistrate at Mumbai was also present Mumbai studio and confirmed the identity of the witness. The session lasted for three hours.




Chief Metropolitan Magistrate, Mumbai, CBI Officers, Special prosecutor of CBI & Advocates cross examining 85 yrs old lady at Mumbai using Video Conference on 24th August;2007 at Kochi, Lakshadweep.



# 85കാരി സാക്ഷിയെ വീഡിയോ വഴി വിസ്തരിച്ചു

പ്രത്യേക ലേഖകൻ

കൊച്ചി: മുംബൈയിലുള്ള 85 വയസ്സുകാരിയായ സാക്ഷിയെ വീഡിയോ കോൺഫറൻസ് വഴി കൊച്ചിയിലിരുന്ന് അഭിഭാഷകർ വിസ്തരിച്ചു.

സി.ബി.ഐ. പ്രത്യേക കോടതിയുടെ ഉത്തരവ് പ്രകാരം അഡ്വ. അനിൽ മുഹമ്മദാണ് കമ്മീഷനായി ചുമതല ഏറ്റെടുത്ത് സാക്ഷിയുടെ മൊഴികൾ രേഖപ്പെടുത്തിയത്. മൂന്നുമണിക്കൂർ നീണ്ടുനിന്നു വിസ്താരം.

ഐ.ഒ.സി.യുടെ ബാർജിൽ നിന്ന് നടരാജ അയ്യർ ഉൾപ്പെടെയുള്ള ഏതാനും പ്രതികൾ ഇന്ധനം ചോർത്തി രണ്ടുലക്ഷത്തിന്റെ തട്ടിപ്പ് നടത്തിയെന്നാണ് സി.ബി.ഐ. കേസ്. അഞ്ചുവർഷം മുമ്പാണ് സംഭവം.

പ്രോസിക്യൂഷൻ ഭാഗത്തുനിന്നുള്ള സാക്ഷിയായ ലക്ഷ്മി അമ്മാൾ എന്ന 85 കാരിയെയാണ് വിസ്തരിച്ചത്. സാക്ഷി ലക്ഷ്മി അമ്മാൾ തന്നെയെന്ന് മുംബൈ മെട്രോപോളിറ്റൻ മജിസ്ട്രേട്ട് ഉറപ്പുവരുത്തി. മുംബൈ നാഷണൽ ഇൻഫർമാറ്റിക് സെന്ററിൽ (എൻ.ഐ.സി.) സാക്ഷി ഹാജരായി. വില്ലിങ്ടൺ ഐലൻറിലെ എൻ.ഐ.സി. സെൻററിൽ പ്രതിയുടെയും സി.ബി.ഐ.യുടെയും അഭിഭാഷകർ ഹാജരായി. മൊഴികൾ കമ്മീഷൻ രേഖപ്പെടുത്തി.

തനിക്ക് സി.ബി.ഐ. എറണാകുളം കോടതിയിൽ ഹാജരാവാൻ കഴിയില്ലെന്ന് സാക്ഷി അറിയിച്ചിരുന്നു. ഇതേത്തുടർന്നാണ് വീഡിയോ കോൺഫറൻസ് വഴി മൊഴിയെടുക്കാൻ കോടതി അനുമതി നൽകിയത്. സാക്ഷി കൂറുമാറി പ്രതിഭാഗം ചേർന്നു. പ്രതി നടരാജ അയ്യരുടെ ഭാര്യയുടെ അമ്മയാണ് സാക്ഷി.

Media clip of a local newspaper at Kochi, Lakshadweep.